**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം:6142** **04.07.2019 -ൽ മറുപടിയ്ക്ക്**

**കോട്ടയം ജില്ലയിലെ ഉഴവൂർ കോളനിയിലെ ശോചനീയാവസ്ഥ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.മോൻസ് ജോസഫ് :** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) ഭവന നിർമ്മാണ ബോർഡ് കോട്ടയം ജില്ലയിലെ ഉഴവൂർ വില്ലേജിൽ 1994 -ൽ നിർമ്മിച്ച കോളനിയിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ബോർഡ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>(ബി) കഴിഞ്ഞ 25 വർഷത്തിനിടയ്ക്ക് ഇവിടെ ഏതെങ്കിലും അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടോ; | (എ) യും (ബി) യും ഇല്ല. ഭവന നിർമ്മാണ ബോർഡ് കോട്ടയം ജില്ലയിലെ ഉഴവൂർ വില്ലേജിൽ രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയിൽ (ROMHS) 50 വീടുകൾ നിർമ്മിച്ച് 1996-ൽ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ തന്നെ വീടിന്റെ അറ്റകുറ്റപ്പണികൾ നടത്തണമെന്നുള്ള വ്യവസ്ഥയിലാണ് നൽകിയത്. |
| (സി) ഈ ഭൂമിയും വീടുകളും ഗുണഭോക്താക്കൾക്ക് പതിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) 14 വർഷം കൊണ്ട് 28,346/- രൂപയും ഇതിന്റെ 12 ശതമാനം പലിശയും തവണകളായി തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിലാണ് വീടുകൾ ഗുണഭോക്താക്കൾക്ക് നൽകിയതെങ്കിലും ആരും തുകയൊന്നും അടച്ചിട്ടില്ല. ടി പ്ലോട്ടുകൾ ഗുണഭോക്താക്കളുടെ പേരിൽ ദാനാധാരം സ്വന്തം ചെലവിൽ രജിസ്റ്റർ ചെയ്ത് വാങ്ങണമെന്ന് ആവശ്യപ്പെട്ട് 2010 മുതൽ കത്തുകൾ അയച്ചിട്ടുണ്ട്. 2 ഗുണഭോക്താക്കൾ മാത്രമാണ് സ്വന്തം പേരിൽ ആധാരം രജിസ്റ്റർ ചെയ്ത് വാങ്ങിയിട്ടുള്ളത്. 4 പേർ രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) ഈ കെട്ടിടങ്ങളുടെ അറ്റകുറ്റപണിക്കുള്ള തുകയും പട്ടയത്തിനുള്ള രജിസ്ട്രേഷൻ ഫീസും കോളനി നിവാസികൾ വഹിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) നിലവിൽ പരിഗണനയിലില്ല. |

Subha S

സെക്ഷൻ ഓഫീസർ